അങ്ങനെ കുറച്ച് ചിലവാക്കിയത്. 1984-85-ൽ 50,000 രൂപ ഉൾപ്പെടുത്തിയിരുന്നു. ആ 50,000 രൂപയും ചെലവാക്കി. 1985-86-ൽ 80,000 രൂപയായിരുന്നു അലോക്കേഷൻ. അതിൽ 80,000 രൂപയും ചെലവായി. 1986-87-ലേക്ക് ഒരു ലക്ഷം രൂപയുണ്ട്. ആ ഒരു ലക്ഷം രൂപയും ചെലവാക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു.

VI. മേശപ്പുറത്തുവച്ച കടലാസ്സുകൾ

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, 1986 ജൂലായ് 8-ാം തീയതിയിലെ വിജ്ഞാപനം നമ്പർ 18157/ജി 2/86 ഐ. ഡി. (എസ്. ആർ. ഒ. നമ്പർ 1052/86) ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. 10 a.m.]

ജോയിന്റ് സെക്രട്ടറി നിയമസഭാ സെക്രട്ടറിയറ്റ്: ഇന്ത്യൻ ഭരണഘടനയുടെ പത്താം പട്ടിക 8-ാം ഖണ്ഡിക ഒന്നാം ഉപഖണ്ഡിക അനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കർ നിർമ്മിച്ച 1986-ലെ കേരള നിയമസഭാ സാമാജികർ (കൂറുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ അയോഗ്യത കൽപ്പിക്കൽ) ചട്ടങ്ങൾ സെക്രട്ടറിക്കുവേണ്ടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

VII. അവിശ്വാസപ്രമേയം

ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അവിശ്വാസം രേഖപ്പെടുത്തിക്കൊണ്ടുള്ള ശ്രീ. ഇ. കെ. നായനാരുടെ പ്രമേയത്തെപ്പറ്റിയുള്ള ചർച്ച

ശ്രീ. ഇ. കെ. നായനാർ: സ്പീക്കർ സർ, "കേന്ദ്രഗവൺമെന്റ് അനഭിമതരായി പ്രഖ്യാപിച്ച കുറെ ഗ്രൂപ്പുകൾക്ക് സംസ്ഥാനത്തുടനീളം രാജ്യദ്രോഹ പ്രവർത്തനങ്ങൾ നടത്താൻ ഒത്താശ ചെയ്തുകൊടുത്ത മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരും 'പഞ്ചാബ് മോഡൽ' പ്രസംഗം ചെയ്തതിന് രാജ്യദ്രോഹത്തിന്റെപേരിൽ മന്ത്രിസഭയിൽനിന്നും ഒഴിവാക്കപ്പെട്ടിരുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും അധികാരത്തിൽ തുടരുന്നതിനാലും;

പ്രീഡിഗ്രി ബോർഡ് രൂപീകരണ തീരുമാനത്തിലൂടെ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മേഖലയെ സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാർക്ക് അടിയറവയ്ക്കാൻ സർക്കാർ സ്വീകരിച്ച നടപടിക്കെതിരെ കോളേജ് അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരും യൂണിവേഴ്സിറ്റി ജീവനക്കാരും വിദ്യാർത്ഥികളും നടത്തിയ സമരത്തിൽ പങ്കെടുത്തവർക്കെതിരായി പ്രതികാര നടപടികൾ തുടരുകയും സർക്കാർ നൽകിയ ഉറപ്പ് ലംഘിക്കുകയും ചെയ്തിരിക്കുന്നതിനാലും;

അഴിമതി വ്യാപകമാക്കുകയും ക്രമസമാധാനനില തകർക്കുകയും ചെയ്ത മന്ത്രിസഭ അധികാരത്തിൽ തുടരുന്നത് സംസ്ഥാന ജനതയ്ക്ക് അപമാനകരമായതിനാലും;

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ ഈ സഭ അവിശ്വാസം രേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly